# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2487.                                                            18..7..2011-ൽ മറുപടിക്ക്

## ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. കെ.സി. ജോസഫ് <br> (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുവാൻ കാലിത്തീറ്റ സബ്സിഡിക്കായി 600 ലക്ഷം രൂപയും തീറ്റപ്പുൽ കൃഷിയ്ക്ക് 300 ലക്ഷം രൂപയും, എം.എസ്.ഡി.പി. പദ്ധതിക്കായി 640 ലക്ഷം രൂപയും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 175 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള വിവിധ പദ്ധതികൾക്ക് 250 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. <br><br> കൂടാതെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് തുടങ്ങിയ പദ്ധതികൾ മിൽമ വഴി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, |

കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻ-സെന്റീവ്, സമ്മർ ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

ദേശീയ ക്ഷീരവികസന ബോർഡിന്റെ സാങ്കേതിക വിദ്യയുപയോഗിച്ച് കേരള ഫീഡ്സ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന സവിശേഷ ധാതു ലവണ മിശ്രിതമായ കേരമിൻ രോഗപ്രതി-രോധശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം കാലികളിൽ ധാതുലവണങ്ങളുടെ കുറവ് പരിഹരിച്ച് കൂടുതൽ പാൽ ചുരത്തുന്നതിനുള്ള ശേഷിയും പ്രത്യുത്പാദന ശേഷിയും വർദ്ധിപ്പിക്കുന്നു.

(ബി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കാലിത്തീറ്റകൾ കന്നുകാലികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നവയാണോ എന്നും എങ്കിൽ അപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ മനുഷ്യരുടെ ആരോഗ്യത്തെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നു എന്നും പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ?

(ബി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കാലിത്തീറ്റകൾ കന്നുകാലികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.